# പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ - നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം - 695 003

ഫോൺ : 0471 2727378, ഫാക്സ് : 0471 2727379, email : obcdirectorate@gmail.com


---

**BCDD/A3/Grants/401/12** തീയതി : 24.12.2012

## സർക്കുലർ

**വിഷയം : ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് 2012-13 - അപേക്ഷകർക്കും സ്കൂൾ അധികൃതർക്കും ഉള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച്**

**സൂചന : സ.ഉ(സാധാ) 1616/2012/പി.സ.വി.വ തീയതി 18.12.12**

**അ**ൻപത് ശതമാനം കേന്ദ്ര സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർക്കും, സ്കൂൾ അധികൃതർക്കും ഉള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

***അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ***

1. സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പിന്നാക്ക സമുദായങ്ങളിൽ (ഒ.ബി.സി) ഉൾപ്പെട്ട വിദ്യാർത്ഥികളാണ് അപേക്ഷ സമർപ്പിക്കേണ്ടത്.
2. ന്യൂനപക്ഷ സ്കോളർഷിപ്പിന് പരിഗണിക്കുന്നതിനാൽ ന്യൂനപക്ഷ വിഭാഗങ്ങളും, പട്ടികജാതി വികസന വകുപ്പ് വഴി ആനുകൂല്യം അനുവദിക്കുന്നതിനാൽ ഒ.ഇ.സി വിഭാഗം വിദ്യാർത്ഥികളും ഈ പദ്ധതി പ്രകാരം അപേക്ഷിക്കാൻ അർഹരല്ല.
3. ഒരു കുടുംബത്തിലെ പരമാവധി 2 കുട്ടികൾ മാത്രമേ അപേക്ഷിക്കുവാൻ പാടുള്ളൂ. ഏത് വകുപ്പ് വഴി സ്കോളർഷിപ്പ് ലഭിക്കുന്നവരായാലും ഒരു കുടുംബത്തിൽ ആകെ 2 പേർക്ക് മാത്രമേ അർഹതയുള്ളൂ.
4. രക്ഷിതാവിന്റെ വാർഷിക വരുമാനം 44,500 രൂപയിൽ അധികരിക്കരുത്.
5. പ്രവേശന സമയത്ത് ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലാത്തവരും പിന്നീട് മതപരിവർത്തനം നടത്തിയിട്ടുള്ളവരും പ്രധാനാധ്യാപകൻ ആവശ്യപ്പെടുന്നവരും, ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
6. മുൻ വർഷത്തെ വാർഷികപ്പരീക്ഷയിൽ 50% ൽ കുറയാത്ത സ്കോർ/ഗ്രേഡ് കരസ്ഥമാക്കിയിരിക്കണം. (ഒന്നാം ക്ലാസ്സിലെ കുട്ടികൾക്ക് മാർക്ക് നിബന്ധന ബാധകമല്ല)
7. നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫാറം പാർട്ട് 1 പൂരിപ്പിച്ച് സ്കൂൾ പ്രധാനാധ്യാപകനെ ഏൽപ്പിക്കേണ്ടതാണ്.

8. 2012-13 വർഷത്തേക്കുള്ള അപേക്ഷാഫാറത്തിന്റെ മാതൃക www.scholarship.itschool.gov.in, www.education.kerala.gov.in, www.ksbcdc.com എന്നീ വെബ് സൈറ്റുകളിലും, എല്ലാ സ്കൂളുകളിലും ലഭ്യമാണ്. (ഫോട്ടോസ്റ്റാറ്റ് കോപ്പി ഉപയോഗിക്കാവുന്നതാണ്)
9. നിർദ്ദേശങ്ങൾ പൂർണമായി വായിച്ചതിനു ശേഷം മാത്രം അപേക്ഷാഫാറം പൂരിപ്പിക്കേണ്ടതാണ്. ആവശ്യമെങ്കിൽ അദ്ധ്യാപകരുടെ സഹായം തേടാവുന്നതാണ്.
10. മുൻവർഷം സ്കോളർഷിപ്പ് ലഭിച്ചവർ RENEWAL എന്ന കോളം നിർബന്ധമായും മാർക്ക് ചെയ്യേണ്ടതാണ്.
11. വാർഷിക വരുമാനം സംബന്ധിച്ച സത്യപ്രസ്താവന അപേക്ഷാഫാറത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിൽ രക്ഷിതാവിന്റെ ഒപ്പ് നിർബന്ധമായും ഉണ്ടായിരിക്കണം. (മുദ്രപ്പത്രം ആവശ്യമില്ല)
12. രക്ഷിതാക്കൾ സർക്കാർ ഉദ്യോഗസ്ഥരാണെങ്കിൽ സാലറി സർട്ടിഫിക്കറ്റ് കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
13. പൂരിപ്പിച്ച അപേക്ഷകൾ സ്കൂൾ പ്രധാനാധ്യാപകനെ ഏൽപ്പിക്കേണ്ടതാണ്.
14. അപേക്ഷകൾ സ്ഥാപനങ്ങളിൽ സ്വീകരിക്കുന്ന അവസാനതീയതി 15.01.2013 ആണ്.
15. അവസാന തീയതിക്കുശേഷം ലഭിക്കുന്നതോ അപൂർണമോ ആയ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

***<u>സ്കൂൾ അധികൃതർക്കുള്ള നിർദ്ദേശങ്ങൾ</u>***

1. അപേക്ഷാഫാറത്തിന്റെ മാതൃക നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്. എല്ലാ ക്ലാസ്സുകളിലും അറിയിപ്പ് നൽകേണ്ടതാണ്.
2. ആവശ്യമെങ്കിൽ ഫാറം പൂരിപ്പിക്കുന്നതിന് വിദ്യാർത്ഥികളെ സഹായിക്കുവാൻ അധ്യാപകർക്ക് നിർദ്ദേശം നൽകേണ്ടതാണ്.
3. പൂരിപ്പിച്ച അപേക്ഷകൾ ***15.01.2013 ന് വൈകീട്ട് 5 മണി*** വരെ സ്കൂളിൽ സ്വീകരിക്കാവുന്നതാണ്.
4. ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പൂർണമായും ശരിയാണ് എന്ന് ഉറപ്പു വരുത്തേണ്ടത് പ്രധാനാധ്യാപകരുടെ ചുമതലയാണ്.
5. മാർക്ക്/ഗ്രേഡ് ശതമാനം, ജനനതീയതി തുടങ്ങിയ വിവരങ്ങൾ സ്കൂൾ രേഖകളുമായി ഒത്തുനോക്കേണ്ടതാണ്. ജാതി/ രക്ഷിതാവിന്റെ വാർഷിക വരുമാനം സംബന്ധിച്ച് സംശയമുണ്ടെങ്കിൽ റവന്യൂ അധികാരിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ആവശ്യപ്പെടാവുന്നതാണ്.

6. ലഭ്യമാകുന്ന അപേക്ഷകരുടെ വിവരങ്ങൾ www.scholarship.itschool.gov.in എന്ന സ്കോളർഷിപ്പ് പോർട്ടൽ വഴി ഓൺലൈൻ ആയിട്ടാണ് ഈ ആഫീസിന് ലഭ്യമാക്കേണ്ടത്. 2013 ജനുവരി 1 മുതൽ 21 വരെ ഡാറ്റാ എൻട്രി നടത്താവുന്നതാണ്. ഇതു സംബന്ധിച്ച ഗൈഡ്ലൈൻസ് ഇതേ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

7. സമാനരീതിയിലുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ അപേക്ഷകൾ സ്വീകരിക്കേണ്ടതില്ല. യാതൊരു കാരണവശാലും ഒരേ വിദ്യാർത്ഥിക്ക് ഒന്നിലധികം സ്കോളർഷിപ്പുകൾ അനുവദിക്കാൻ പാടില്ല എന്ന വിവരം സ്കൂൾ പ്രധാനാധ്യാപകൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പല സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കുകയും അനുവദിച്ച ശേഷം ഇഷ്ടമില്ലാത്തത് തിരിച്ചടക്കുകയും ചെയ്യുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

DIRECTORATE OF BACKWARD COMMUNITIES DEVELOPMENT DEPARTMENT ★ THIRUVANANTHAPURAM- 695003 ★

ഡയറക്ടർ
പിന്നാക്ക സമുദായ വികസന വകുപ്പ്

V.R. JOSHI
DIRECTOR
Backward Communities Development Department
Thiruvananthapuram- 695 003

പകർപ്പ് :

പൊതുവിദ്യാഭ്യാസ ഡയറക്ടർ
പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർ
എല്ലാ ഡി.ഡി/ഡി.ഇ.ഒ/എ.ഇ.ഒ മാർക്ക്
എല്ലാ സർക്കാർ/എയ്ഡഡ് സ്കൂൾ പ്രധാനാധ്യാപകർക്ക്
ജില്ലാ/ബ്ലോക്ക് പട്ടികജാതി വികസന ആഫീസർമാർക്ക്
കരുതൽ/അധികം

പി.വി.എസ് 24.12.12